**സത്യചന്ദ്രൻ പൊയിൽക്കാവ്**

അധികം നടക്കരുത്
സായാഹ്നത്തിൽ
അക്രമികളുടെ
കൊട്ടാരം അകലത്തല്ല
ഓർമകളുടെ വഴിത്താരയിൽ
നിങ്ങൾക്ക് വഴിതെറ്റും
മുകളിൽ
മറഞ്ഞുപോയി
സൂര്യനെന്ന വെളിച്ചം ■

**സി.കെ മുനവ്വിർ**
**ഇരിക്കൂർ**

കുത്തേറ്റ മുറിവുണങ്ങിയാലും
അകം തുളക്കുന്നതാണ് ചില വാക്കുകൾ,
പെട്ടെന്നു ചാടി
തിരിച്ചെടുക്കാൻ ശ്രമിക്കുമ്പോഴേക്കും
കൈയെത്താ ദൂരത്തേക്ക്
മറഞ്ഞു പോകുന്നവ
നീണ്ട മൗനത്തിനൊടുവിൽ പുറം ചാടി
നൂറു വാക്കുകൾ പകരം കൊടുത്താലും
അടങ്ങിയിരിക്കാത്തവ
അകത്തേക്ക് കയറുകയോ
പുറത്തേക്കിറങ്ങുകയോ ചെയ്യാതെ
നാക്കിൽ കിടന്ന് വട്ടം കറങ്ങുന്നവ
നാക്കു വിട്ട മാത്രയിൽ
മനസ്സിലൊഴുകിപ്പരന്ന്
ഞരമ്പുകൾക്ക് ജീവനും
പേശികൾക്ക് ബലവും
ചിന്തക്കുണർവും നൽകുന്നവ
കേൾക്കേണ്ട താമസം ചിരിപടർത്തുന്നതും
തലക്കടിയേറ്റ പോൽ നിശ്ചലമാക്കുന്നതും
പിന്നീടേറെ നാളുകൾ
ഉറക്കം കെടുത്തുന്ന വില്ലനായ്
സ്വപ്നത്തിലെ കരിംഭൂതമായ്
കൂടെക്കൂടുന്നവ
ഇവയിലേതു ഗണത്തിലാകും
നിന്റെ വാക്കുകൾ ■

**റഫീഖ് ഗസൻ, ദോഹ**

യാത്രക്കാരൻ ചാപ്പലിലേക്കുള്ള
വഴി ചോദിച്ചു
കേട്ടയാൾ ചാരായ ഷാപ്പിലേക്കുള്ള
വഴി പറഞ്ഞു
അതെന്താ അങ്ങനെ പറഞ്ഞതെന്ന്
യാത്രക്കാരൻ
അതെന്താ അങ്ങനെ പറഞ്ഞാലെന്ന്
കേട്ടയാൾ
സോറി പറയാൻ യാത്രക്കാരൻ
തുനിയും മുമ്പ്
കേട്ടയാളുടെ കത്തി
യാത്രക്കാരന്റെ നെഞ്ചത്തേക്ക് ■

Vol. No: 68 Issue No. 42 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid